ശരിയാകുമെന്ന് തോന്നുന്നില്ല. ഈ കമ്പനിയുടെ കാര്യത്തിൽ എന്തെങ്കിലും നിയമലംഘനമുണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

III. സബ്മിഷൻ

(1) അദ്ധ്യാപക നിയമനം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സർക്കാർ/എയ്ഡഡ് മേഖലകളിൽ അദ്ധ്യാപക നിയമനം നടക്കാത്തതുകൊണ്ട് പൊതുവിദ്യാഭ്യാസ മേഖല തകരുന്ന അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണെന്നുള്ള ഗുരുതരമായ വിഷയം ഞാൻ ഉന്നയിക്കുകയാണ്. സർക്കാർ മേഖലയിൽ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെ 1632 പേർക്ക് നിയമന ഉത്തരവ് നൽകിയെങ്കിലും കഴിഞ്ഞ 16 മാസമായി നിയമനം കിട്ടാത്ത ഉദ്യോഗാർത്ഥികൾ കേരളത്തിലുണ്ട്. ഈ 1632 പേരിൽ നാലുപേർ ഇതിനകം മരണപ്പെട്ടു. സർക്കാർ മേഖലയിൽ മാത്രം 9500-ലധികം അദ്ധ്യാപകരുടെ ഒഴിവുകൾ നിലനിൽക്കുകയാണ്. പ്രൈമറി സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ ഒഴിവുകൾ 1700-ലധികമാണ്. കഴിഞ്ഞ അദ്ധ്യയനവർഷം 954 പ്രൈമറി സ്കൂളുകളിൽ പ്രധാനാദ്ധ്യാപകർ ഉണ്ടായിരുന്നില്ല. ഈ വർഷം 750-ലധികം

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനാദ്ധ്യാപകർ വിരമിക്കുകയാണ്. അങ്ങനെ പ്രൈമറി സ്കൂളുകൾ നാഥനില്ലാക്കളരികളായി മാറുകയാണ്. എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിൽ 6000-ത്തിലധികം ഒഴിവുകൾ നിലവിലുണ്ട്. 2020 ജൂൺ മുതൽ എയ്ഡഡ് മേഖലയിൽ ഒരു നിയമനവും നടന്നിട്ടില്ല. 2016 മുതൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് അദ്ധ്യാപകർക്ക് ഇനിയും അംഗീകാരം കൊടുക്കേണ്ടതുണ്ട്. ഇങ്ങനെ അദ്ധ്യാപകരും പ്രഥമാദ്ധ്യാപകരുമില്ലാതെയാണ് ഈ വർഷം കടന്നുപോയത്. ഇക്കണക്കിന് പോയാൽ പൊതുവിദ്യാഭ്യാസ മേഖല തകർച്ച നേരിടും. ഒരു അദ്ധ്യാപകൻ പോലുമില്ലാത്ത നിരവധി വിദ്യാലയങ്ങൾ സംസ്ഥാനത്തുണ്ട്. മതിയായ കുട്ടികളില്ലാത്ത വിദ്യാലയങ്ങളിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകർക്ക് 15 മാസമായി ദിവസ വേതനംപോലും കൊടുത്തിട്ടില്ല. ഇത്തരം സ്കൂളുകളുടെ സ്ഥിതി ദയനീയമാണ്. ഓൺലൈനിലൂടെ പഠിപ്പിക്കണമെങ്കിൽ അദ്ധ്യാപകർ വേണ്ടേ? നിയമന ഉത്തരവ് നൽകി 16 മാസമായിട്ടും അവരെ നിയമിക്കാത്തത് എന്തുകൊണ്ടാണ്; അവരുടെ ഔദ്യോഗിക ജീവിതത്തിലെ രണ്ടുവർഷമല്ലേ നഷ്ടപ്പെടുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസത്തെ പത്രസമ്മേളനത്തിൽ ക്ലാസ്സ് തുറക്കാത്തതുകൊണ്ട് അദ്ധ്യാപക നിയമനമില്ല, ക്ലാസ് തുറന്നാലേ

LIBRARY ARCHIVES Kerala Legislative Assembly

നിയമനമുള്ള എന്നുപറഞ്ഞു. മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടക്കുന്നില്ലേ? ഈ അദ്ധ്യാപകർക്ക് 16 മാസമായി നിയമനം ലഭിക്കാതിരിക്കുകയാണ്. ഓൺലൈൻ ക്ലാസ്സുകൾ ഇപ്പോൾ നടക്കുന്നതുപോലെ നടന്നാൽ മതിയോ; ഇപ്പോൾ ഓൺലൈൻ ക്ലാസ്സുകൾക്ക് നേരത്തെയുണ്ടായിരുന്നതുപോലെ ഗൗരവമില്ല. ധാരാളം മാനസിക പ്രശ്നങ്ങൾ കുട്ടികൾക്കുണ്ട്. അദ്ധ്യാപകർ സമീപത്തില്ലാത്തതിന്റെ പ്രശ്നമുണ്ട്, തുടക്കത്തിലുണ്ടായിരുന്ന ആവേശം ഇപ്പോഴില്ല. ലോകരാജ്യങ്ങളിൽ പലയിടത്തും ഓൺലൈൻ ക്ലാസ്സുകൾക്ക് പകരം സംവിധാനങ്ങൾ കൊണ്ടുവന്നിരിക്കുന്നു. കേരളത്തിലെ മാതാപിതാക്കളുടെ മുന്തിയ പരിഗണന കുട്ടികളുടെ വിദ്യാഭ്യാസമാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് മാതാപിതാക്കൾക്ക് വലിയ ഉത്കണ്ഠയാണ്. അത് പരിഹരിക്കുന്നതിന് ഓൺലൈൻ ക്ലാസ്സ് കഴിഞ്ഞ വർഷത്തെപോലെ നടത്തിയിട്ട് കാര്യമില്ല. അതിനുള്ള പകരം സംവിധാനങ്ങൾ കൊണ്ടുവരണം. വിദ്യാഭ്യാസ വകുപ്പ് പുതിയ വിദ്യാഭ്യാസ രീതി ആരംഭിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കുന്നു. സർക്കാർ/എയ്ഡഡ് മേഖലകളിൽ അദ്ധ്യാപക നിയമനം നടത്താത്തത് തെറ്റാണ്. അടിയന്തരമായി നിയമനം നടത്താനുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സംസ്ഥാനത്തെ സ്കൂളുകളിൽ ഓരോ അദ്ധ്യയനവർഷവും ആറാമത്തെ പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് തസ്തിക നിർണ്ണയം നടത്തിവരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നു. 2020-21 അദ്ധ്യയന വർഷത്തിൽ, കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നിട്ടില്ലാത്തതും ക്ലാസ്സുകൾ ആരംഭിച്ചിട്ടില്ലാത്തതുമാണ്. 2021-22 വർഷാരംഭത്തിലും സ്കൂളുകൾ തുറക്കാനുള്ള സാഹചര്യമായിട്ടില്ല. ആയതിനാലാണ് നിയമന ഉത്തരവുകൾ ലഭിച്ചവർക്ക് സേവനത്തിൽ പ്രവേശിക്കാൻ സാധിക്കാത്തത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലിന്റെ 18.11.2020-ലെ എസ്.എസ്.23/2020/എ.ജി. നം. കത്ത് പ്രകാരമുള്ള ഉപദേശംകൂടി കണക്കിലെടുത്തുകൊണ്ടാണ് നിയമനം ലഭിച്ചവർക്ക് സ്കൂളുകൾ തുറന്ന് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് സേവനത്തിൽ പ്രവേശിക്കാമെന്ന നിർദ്ദേശം നൽകിയിട്ടുള്ളത്. കേരള വിദ്യാഭ്യാസ ചട്ടത്തിലെ 14 (എ) ചട്ടം 7 എ(2) അനുസരിച്ച് പ്രധാനാദ്ധ്യാപകർ, അനദ്ധ്യാപകർ ഒഴികെയുള്ള നിയമനങ്ങൾ സ്കൂൾ തുറക്കുന്ന മുറയ്ക്ക് മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കണക്കിൽ ഒരു തെറ്റുണ്ട്, സർക്കാർ മേഖലയിൽ ഹയർസെക്കണ്ടറിയുൾപ്പെടെ വിവിധ ജില്ലകളിൽ 2513 പേർക്ക് അദ്ധ്യാപക തസ്തികകളിൽ നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ട്. 788 പേർക്ക് അദ്ധ്യാപക തസ്തികയിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇക്കാലയളവിൽ എയ്ഡഡ് മേഖലയിൽ നടത്തിയ ഏകദേശം 4800 നിയമനങ്ങളുടെ പ്രൊപ്പോസലുകൾ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. സർക്കാർ സ്കൂളുകളിലെപ്പോലെതന്നെ സ്കൂളുകൾ തുറന്ന് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സ്കൂളുകൾ തുറന്ന് റെഗുലർ ക്ലാസ്സുകൾ ആരംഭിക്കുന്ന മുറയ്ക്ക് അദ്ധ്യാപക തസ്തികകളിൽ നിയമന ഉത്തരവ് നൽകിയ എല്ലാവർക്കും ജോലിയിൽ പ്രവേശിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഹെഡ്മാസ്റ്റർമാരുടെ പ്രൊമോഷനെ സംബന്ധിച്ചുള്ള ഒരു കേസ് ഇപ്പോൾ കോടതിയിലാണ്. പ്രസ്തുത കേസ് വെക്കേറ്റ് ചെയ്ത് കഴിഞ്ഞാലുടൻതന്നെ അക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

(2) കടലാക്രമണം

ശ്രീ. രമേശ് ചെന്നിത്തല: സർ, കഴിഞ്ഞ ദിവസങ്ങളിലുണ്ടായ

LIBRARY ARCHIVES Kerala Legislative Assembly